## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. *545

22 .05.2017-ൽ
മറുപടിയ്ക്ക്

## വില്ലേജ് ജനകീയ സമിതികളുടെ നിലവിലെ സ്ഥിതിയും പ്രവർത്തനവും

**ചോദ്യം**
ശ്രീ.ബി.സത്യൻ
,, സി. കൃഷ്ണൻ
,, പി. ഉണ്ണി
,, സി. കെ. ശശീന്ദ്രൻ

**മറുപടി**
ശ്രീ. ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

(എ) മുൻ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് ഭൂസംരക്ഷണ ഉപയോഗ പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പു വരുത്തി നിയമ വിരുദ്ധ പ്രവർത്തനം തടയുന്നതിനും വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവും ആക്കുന്നതിനും വേണ്ടി രൂപം നൽകിയ വില്ലേജ് ജനകീയ സമിതികളുടെ നിലവിലെ സ്ഥിതിയും പ്രവർത്തനവും എന്താണെന്ന് അറിയിക്കാമോ;

(എ) ഭൂസംരക്ഷണ ഉപഭോഗ പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ഇക്കാര്യത്തിലുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും പൊതുജനങ്ങളുടെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും പൊതുജനങ്ങളുടെ സഹകരണത്തോടെ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി രൂപം നൽകിയ വില്ലേജ്തല ജനകീയ സമിതികളുടെ പ്രവർത്തനം പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ മിക്ക വില്ലേജ് ഓഫീസുകളിലും പ്രവർത്തിച്ചു വരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരം വില്ലേജിലെ ജനകീയ സമിതി കൃത്യമായി ചേരുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ഭൂവിനിയോഗം സംബന്ധിച്ച് റവന്യു വകുപ്പിന്റെ കർത്തവ്യങ്ങളും അധികാരങ്ങളും അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ ഭൂവിനിയോഗം സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ കർത്തവ്യങ്ങളും അധികാരങ്ങളും കേരള ഭൂവിനിയോഗ ഉത്തരവിലും കേരള നെൽവയൽ സംരക്ഷണ ആക്ടിലും ചട്ടങ്ങളിലും വിശദമായി പ്രതിപാദിക്കുന്നുണ്ട്. കേരള ഭൂവിനിയോഗ ഉത്തരവ് 1967 നടപ്പിൽ വന്നതിനു മുൻപോ പിൻപോ തുടർച്ചയായി 3 വർഷം ഏതെങ്കിലും ഭക്ഷ്യധാന്യം കൃഷി ചെയ്തു വന്നിരുന്ന ഭൂമി, ജില്ലാ കളക്ടറുടേയോ, ആർ. ഡി. ഒ.-യുടേയോ രേഖാമൂലമായ അനുമതിയിലെ വ്യവസ്ഥകൾ പ്രകാരമല്ലാതെ നെല്ലൊഴികെ മറ്റേതെങ്കിലും ഭക്ഷ്യധാന്യം കൃഷി ചെയ്യുന്നതിലേയ്ക്കായി മാറ്റം വരുത്തുകയോ മാറ്റം വരുത്താൻ ശ്രമിക്കുകയോ ചെയ്യാൻ പാടില്ലാത്തതാണെന്ന് ക്ലോസ് 6-ൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ ക്ലോസിലെ വ്യവസ്ഥകൾ ലംഘിക്കുന്നപക്ഷം

...2)

കൃഷിഭൂമിയിൽ നെല്ലോ മറ്റേതെങ്കിലും ഭക്ഷ്യ ധാന്യങ്ങളോ കൃഷി ചെയ്യുന്നതിന് കൈവശക്കാരനോട് ആവശ്യപ്പെടാൻ ജില്ലാ കളക്ടർക്കും ആർ.ഡി.ഒ.-യ്ക്കും അധികാരമുണ്ട്.

(സി) പ്രസ്തുത നിയമപ്രകാരം എത്രമാത്രം കൃഷി ഭൂമി ഉപയോഗപ്രദമായി വിനിയോഗിക്കുന്നതിന് സാധ്യമായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ?

(സി) റവന്യു വകുപ്പ് മുഖാന്തിരം മേൽപ്പറഞ്ഞ വിഷയം പരിശോധനാവിധേയമാക്കിയിട്ടില്ല.

സെക്ഷൻ ഓഫീസർ